
# നേരും നെറിയും




## അലക്സിയോസ് മാർ തേവോദോസ്യോസും ചിങ്ങവനം വട്ടമേശ സമ്മേളനവും

**ജോയ്സ് തോട്ടയ്ക്കാട്**

'ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തായായി കഴിയുവാനാഗ്രഹിക്കുന്നില്ല. ഒരു നായയെപ്പോലെ ഞാൻ മരിക്കേണ്ടി വന്നാലും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടും. മലങ്കരസഭയുടെ സ്വാതന്ത്ര്യം തീറെഴുതാനും അബ്ദൽ മ്ശിഹായുടെ പട്ടത്വം പാഴാണെന്നു സമ്മതിക്കാനും ഞാൻ തയ്യാറല്ല. എന്റെ conviction-ന് എതിരായി ഞാൻ പ്രവർത്തിക്കുകയില്ല."[1] ഈ ധീരദൃഢസ്വരം ബഥനി ആശ്രമാചാര്യനും കൊല്ലം ഭദ്രാസനാധിപനുമായിരുന്ന അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടേതായിരുന്നു. മലങ്കരസഭയുടെ സമാധാനത്തിനായി ചിങ്ങവനം അപ്രേം സെമിനാരിയിൽ കൂടിയിരുന്ന ഇരു വിഭാഗങ്ങളിലെയും മെത്രാപ്പോലീത്തന്മാരും, അവരെ ബന്ധികളാക്കി ഒപ്പിടുവിച്ചാൽ സമാധാനം ഉണ്ടാകുമെന്ന് ധരിച്ചുവശായ യുവാക്കളും ആ വാക്കുകൾ കേട്ടു ഒരു നിമിഷം സ്തംഭിച്ചു പോയി. ആ ഒരു നിമിഷം കൊണ്ട് കൊടുങ്കാറ്റു പോലെ മാർ തേവോദോസ്യോസ് അവർക്കിടയിലൂടെ ആ സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോയി. നസ്രാണിവീര്യത്താൽ ജ്വലിച്ചുനിന്ന ആ മഹാപുരോഹിതനെ നേരിടുവാനും തടയാനുമാവാതെ ക്ഷുഭിത യൗവനം വെറും കാഴ്ചക്കാരായി.

### സഭാ സമാധാനത്തിനായുള്ള പരിശ്രമങ്ങൾ

1911-ൽ ആരംഭിച്ച മലങ്കരസഭയിലെ കക്ഷിവഴക്കുകൾക്ക് അന്ത്യം കുറിച്ച് സഭയിൽ സമാധാനം കൈവരുത്തുവാൻ സഭാംഗങ്ങളും മറ്റ് ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരും നാട്ടിലെയും വിദേശ രാജ്യങ്ങളിലെയും ഭരണകർത്താക്കളും തുടങ്ങി ഒട്ടനവധിപേർ ഒട്ടേറെ പരിശ്രമങ്ങൾ നടത്തുകയുണ്ടായി. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായും അന്ത്യോഖ്യാ പാത്രിയർക്കീസുമാരെ നേരിൽ കണ്ട് ചർച്ച നടത്തിയെങ്കിലും അവയൊന്നും ഫലം കണ്ടില്ല. ഒരു ഘട്ടത്തിൽ സമാധാനത്തിനായി 1912-ൽ മലങ്കരസഭയിൽ സ്ഥാപിച്ച പൗരസ്ത്യ കാതോലിക്കേറ്റ് പോലും ഉപേക്ഷിക്കുവാൻ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സമ്മതിച്ചുവെങ്കിലും, തന്റെ അരുമ ശിഷ്യനായ മാർത്തോമ്മാ നട്ട മലങ്കരസഭയെ കരുണാമയനായ ദൈവം കാത്തതിനാൽ അതിന് സംഗതിയായില്ല.

### പീസ്ലീഗിന്റെ സത്യഗ്രഹ സംരംഭം

കെ. സി. മാമ്മൻ മാപ്പിളയുടെ സഹോദരനും പ്രാർത്ഥനാനിരതനും വിശുദ്ധ ജീവിതം നയിച്ചിരുന്ന വ്യക്തിയുമായ കെ. സി. ചാക്കോ, സഭാ സമാധാനത്തിനായി രോഗപീഡകളെ മറന്ന് ഒട്ടേറെ പരിശ്രമങ്ങൾ നടത്തി. അദ്ദേഹത്തിന്റെ അന്ത്യശ്രമങ്ങൾ വിഫലമായി തീർന്നെങ്കിലും സഭയിലെ ഇരുകക്ഷികളിലും സമാധാന യത്നത്തിനു വേണ്ടിയുള്ള ഒരു ആവേശം സൃഷ്ടിക്കുവാൻ അതു കാരണമായി ഭവിച്ചു. രണ്ടു കക്ഷികളിലുംപെട്ട യുവാക്കൾ 'പീസ് ലീഗ്' എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ചു ചില കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു. കോട്ടയം പുത്തനങ്ങാടിയിലുള്ള പ്രസിദ്ധമായ കുരിശുപള്ളിയുടെ അങ്കണം ഒരു ഉപവാസയജ്ഞത്തിന്റെ രംഗമായി അവർ തെരഞ്ഞെടുത്തു. മണർകാട് ഇടവക






യിൽപെട്ട തെങ്ങുംതുരുത്തേൽ ടി. എം. ചാക്കോ പ്രസിഡണ്ടായും, മാളിയേക്കൽ എം. പി. ഏബ്രഹാം ട്രഷററായും, പി. എം. തോമസ് (പുളിക്കൽ) സെക്രട്ടറിയായും, ടി. പി. ഫീലിപ്പോസ് (തെക്കെത്തലയ്ക്കൽ), ചക്കാലപ്പറമ്പിൽ സി. പി. ജോർജ് മുതലായി ഒട്ടധികം സഭാസ്നേഹികൾ കമ്മിറ്റിയംഗങ്ങളായും സംഘടിപ്പിച്ച പീസ് ലീഗ് സജീവമായി പ്രവർത്തിക്കുക തന്നെ ചെയ്തു. ടി. എം. ചാക്കോ ക്ഷീണിതനായപ്പോൾ ജി. ജോൺ (കായംകുളം) പ്രസിഡണ്ട് പദം സ്വീകരിച്ചു. രണ്ടു കക്ഷിയിലുംപെട്ടവരായിരുന്നെങ്കിലും പരസ്പര വിശ്വാസത്തോടും ആത്മാർത്ഥമായ സഹ കരണത്തോടും കൂടി അവർ പ്രവർത്തിച്ചതിന്റെ ഫലം പ്രകടമായിരുന്നു. കുരിശുപള്ളിയങ്കണം ഒരു തീർത്ഥാടനകേന്ദ്ര മായി മാറി.

ദിനംപ്രതി നടന്നുപോന്ന ഉപവാസം, പ്രാർത്ഥന, പ്രസംഗങ്ങൾ മുതലായവയിൽ സംബന്ധിക്കാനെത്തിയ ജന ങ്ങൾക്കു കണക്കില്ലായിരുന്നു. സഭയിൽ സമാധാനം കൈവന്നു കാണാൻ ആഗ്രഹിച്ചിരുന്ന അനവധിയാളുകൾ പീസ് ലീഗിനു പിന്തുണയും നൽകിയിരുന്നു. അവരുടെ ഉദ്ദേശ്യങ്ങളെയും പ്രവർത്തനരീതികളെയും സംശയദൃഷ്ട്യാ വീക്ഷി ച്ചവരും ഇല്ലാതില്ല. സത്യഗ്രഹ പരിപാടികൾ സഭാപ്രശ്ന പരിഹാരത്തിനു വേണ്ടി സ്വീകരിക്കുന്നതിനെ മെത്രാപ്പോ ലീത്തന്മാരും മറ്റും എതിർത്തു സംസാരിക്കുകയും ചെയ്തിരുന്നു. പീസ് ലീഗിനു പത്രങ്ങൾ വേണ്ട പ്രചരണം നൽകി. മുൻ മന്ത്രി ഇലഞ്ഞിക്കൽ ജോൺ ഫീലിപ്പോസ്, പീസ് ലീഗിനു സുശക്തമായ സഹായവും നീട്ടി. അതു പോലെ ഗണനീയന്മാരായ പലരും അവരെ സഹായിച്ചുകൊണ്ടിരുന്നു. സാമ്പത്തികമായി സഹായിച്ചത് പടിഞ്ഞാറേ ക്കര ഇട്ടി കുര്യൻ, എം. സി. മാത്യു മുതലായവരായിരുന്നു. ഗ്രീസിലെ പീറ്റർ രാജകുമാരൻ കുരിശുപള്ളിയങ്കണ ത്തിൽ വന്നു പ്രസംഗം നടത്തിയതും, പാത്രിയർക്കീസിനെ കണ്ടു സംസാരിക്കാമെന്നു ഭരമേറ്റതും പീസ് ലീഗിന്റെ പരിപാടികൾക്കു വലിയ ഉത്തേജനം നൽകി.[2]

പീസ് ലീഗിന്റെ ഉപവാസ സമരത്തിൽ വേദപഠനം നടത്തിയതിനെക്കുറിച്ച് ഡോ. പൗലോസ് മാർ ഗ്രിഗോറി യോസ് ഇങ്ങനെ എഴുതിയിരിക്കുന്നു:

> “കോട്ടയം കുരിശുപള്ളിയിൽ പീസ് ലീഗിന്റെ സത്യഗ്രഹം നടക്കുന്ന കാലം. സഭയിൽ സമാ ധാനവും ഐക്യവും കൈവരുത്തുവാൻ വേണ്ടി പാത്രിയർക്കീസ് കക്ഷിയിലുള്ളവരും കാതോ ലിക്കാ കക്ഷിയിലുള്ളവരുമായ ആറു പേർ ചേർന്നു ഉപവസിക്കുന്നു. അവരിൽ എം. കുര്യനും കെ. ഇ. മാമ്മനും എന്റെ സുഹൃത്തുക്കളായിരുന്നു. ഞാനന്ന് 32 വയസ്സുള്ള ഒരത്മായക്കാരൻ, ആലുവാ ഫെലോഷിപ്പ് ഹൗസിൽ എം. തൊമ്മനോടൊപ്പം അത്മായക്കാരുടെയിടയിൽ അദ്ധ്യാ ത്മിക പ്രവർത്തനം നടത്തുകയായിരുന്നു. അമേരിക്കൻ പഠനം കഴിഞ്ഞു നാട്ടിൽ വന്നിട്ട് അധികം നാളായിട്ടില്ല. ബാവായെ പോയി കണ്ടിട്ടില്ല. ... തൊമ്മച്ചന്റെ നിർദ്ദേശമനുസരിച്ച്, ഉപവാസം അനുഷ്ഠിക്കുന്ന പീസ് ലീഗുകാർക്ക് ബൈബിൾ ക്ലാസ്സെടുക്കാൻ കോട്ടയത്തു വന്നു. ഒരു ദിവ സത്തെ ക്ലാസു കഴിഞ്ഞപ്പോൾ കുറച്ചു ദിവസം ഇവിടെ തങ്ങി ഞങ്ങൾക്ക് ബൈബിൾ ക്ലാസ് എടുത്തു കൂടെ എന്ന് ഉപവാസം അനുഷ്ഠിക്കുന്നവർ ചോദിച്ചു.
>
> ‘ഇത്തരം ക്ലാസ് ലഭിക്കുകയാണെങ്കിൽ ഞങ്ങൾക്കു പട്ടിണി കിടക്കാൻ ഒരു പാടുമില്ല’ എന്ന അവരുടെ വാക്ക് എനിക്കും പ്രചോദനം നൽകി. ... ഏതായാലും പീസ് ലീഗിലെ ഉപവാസികളെ കാണാൻ വന്ന എനിക്ക് മുപ്പതുദിവസം അവരുടെ കൂടെ താമസിക്കാനും ഉപവാസത്തിൽ അല്പ മൊക്കെ പങ്കെടുക്കുവാനും സാധിച്ചു. രാവിലെയും വൈകുന്നേരവും ഉപവാസികൾക്കുവേണ്ടി വേദപഠനം നടത്തും. കുറെ ദിവസത്തിനു ശേഷം ഉപവാസികളെ കാണാൻ വരുന്ന ഭക്തജ

നങ്ങൾക്കു വേണ്ടിയും വേദപഠനക്ലാസുകൾ നടത്താൻ തുടങ്ങി.

> പീസ് ലീഗിനോടു കല്ലാശേരി ബാവായ്ക്കു വലിയ പ്രതിപത്തിയില്ലായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കാതെ സഭാ സമാധാനം എന്നും പറഞ്ഞ് ഓടി നടക്കുന്നവരെപ്പറ്റി ബാവായ്ക്കു വിരോധമായിരുന്നു. അതിന്റെ കൂടെ അമേരിക്കയിൽ നിന്നും പഠിച്ചു വന്നിരിക്കുന്ന പോൾ വർഗീസ് എന്ന ഒരത്മായക്കാരൻ വേദപുസ്തകം പഠിപ്പിക്കുന്നു എന്നു കേട്ടപ്പോൾ അയാളോടും, അല്പം നീരസമായി. അമേരിക്കൻ ബൈബിൾ പഠിപ്പിക്കുന്ന പോൾ വർഗീസിനെ പരാമർശിച്ച് അല്പം പുച്ഛമായി ദേവലോകത്ത് പ്രസംഗിച്ച വിവരം കെ. ഫീലിപ്പോസച്ചൻ (ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) ആണ് എന്നോടു പറഞ്ഞത്. ഞാൻ ദേവലോകത്തു പോയി ബാവായെ കാണണമെന്നും തെറ്റിദ്ധാരണ നീക്കണമെന്നും എന്നെ ഉപദേശിച്ചു. അച്ചൻ തന്നെ തന്റെ കൊച്ചു ബേബി മോറിസ് കാറിൽ എന്നെ ബാവായുടെ അടുക്കൽ കൊണ്ടുപോയി പരിചയപ്പെടുത്തി."[3]

രണ്ടു പക്ഷത്തെയും തിരുമേനിമാരെ ഒരു മേശയ്ക്കു ചുറ്റുമിരുത്തി ചർച്ച ചെയ്യിക്കാനും ഇരുകൂട്ടർക്കും സ്വീകാര്യമായ വ്യവസ്ഥകൾ രൂപവൽക്കരിക്കാനും അവസരമുണ്ടാക്കുകയായിരുന്നു പീസ് ലീഗിന്റെ പ്രഥമ പരിപാടി. ക്നാനായ ഇടവകയുടെ ഏബ്രഹാം മാർ ക്ലിമീസ് അക്കാര്യത്തിൽ അവർക്കു വേണ്ട സഹായ സഹകരണങ്ങൾ നൽകി. ചിങ്ങവനം അപ്രേം സെമിനാരിയിൽ മെത്രാപ്പോലീത്തന്മാരുടെ വട്ടമേശ സമ്മേളനം നടത്താനുള്ള ഒരുക്കങ്ങൾ നടന്നു. മെത്രാപ്പോലീത്തന്മാരെ എല്ലാവരേയും അതിനു സമ്മതിപ്പിച്ചു തീയതിയും കുറിച്ചു. 1950 ജനുവരി 9-നു സമ്മേളനം നടന്നു. 200 വോളണ്ടിയറന്മാർ സമ്മേളനരംഗം സംരക്ഷിച്ചു നിന്നിരുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്തായും സമ്മേളനത്തിൽ സംബന്ധിച്ചു. പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉൾപ്പെടെ ഓർത്തഡോക്സ് സഭയിലെ എല്ലാ മെത്രാന്മാരും സെമിനാരിയിൽ വന്നുചേർന്നു. പാത്രിയർക്കീസ് പക്ഷത്തെ ആലുവായിലെ പൗലോസ് മാർ അത്താനാസ്യോസ് മാത്രം ആരോഗ്യപരമായ കാരണങ്ങളാൽ സംബന്ധിച്ചില്ല.

ചിങ്ങവനം സമ്മേളനം നാലു പൊതു തത്വങ്ങൾ അംഗീകരിച്ചു: (1) അന്ത്യോക്യാ പാത്രിയർക്കീസ് ആകമാന സഭയുടെ തലവനാകുന്നു. (2) ഇപ്പോൾ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്ന മലങ്കരസഭയുടെ യോജിപ്പിനായി പാത്രിയർക്കീസ് മലങ്കരയെ ഒരു കാതോലിക്കേറ്റായി പ്രഖ്യാപനം ചെയ്യുന്നു. (3) ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പാത്രിയർക്കീസും കാതോലിക്കോസും എത്രയും വേഗം യോജിച്ചു ചെയ്യുന്ന തീരുമാനം ഇരുപക്ഷത്തെയും മേൽപട്ടക്കാർ സ്വീകരിക്കുന്നു. (4) ഈ തീരുമാനങ്ങൾ പാത്രിയർക്കീസിനെ അറിയിക്കാൻ മാർ യൂലിയോസ് മെത്രാപ്പോലീത്തായെ അധികാരപ്പെടുത്തുന്നു.[4]

പക്ഷേ, മൂന്നാമത്തെ തീരുമാനം സമാധാന ശ്രമങ്ങൾക്കു കാലവിളംബം സൃഷ്ടിക്കാനും, ഫലത്തെപ്പറ്റി അനിശ്ചിതത്വം സംജാതമാക്കാനും മാത്രമേ ഉപകരിക്കൂ എന്നു കണ്ട പീസ് ലീഗ് എക്സിക്യൂട്ടീവ് കമ്മിറ്റി തിരുമേനിമാരെ വ്യക്തമായ പരസ്പര ധാരണയുണ്ടാക്കുന്ന കാര്യത്തിൽ നിർബന്ധിച്ചു. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന വ്യവസ്ഥകൾ ഉണ്ടാക്കാൻ ഒരു കമ്മിറ്റിയെയും നിയോഗിച്ചു. ഒരു സമ്മർദ്ദത്തിന്റെ അന്തരീക്ഷം അവിടെ ഉണ്ടായി. മന്ത്രി ഇ. ജോൺ ഫീലിപ്പോസും 9 നിയമസഭാംഗങ്ങളും ചേർന്ന കമ്മിറ്റി പത്തു വ്യവസ്ഥകൾ അടങ്ങിയ ഒരു കരാർ എഴുതിയുണ്ടാക്കി തിരുമേനിമാർക്കു സമർപ്പിച്ചു. ബഥനിയിലെ മാർ തേവോദോസ്യോസ് തിരുമേനി പീസ് ലീഗിന്റെ നിർബന്ധത്തിനു വഴങ്ങിയില്ല. അദ്ദേഹം പൊട്ടിത്തെറിച്ചു. വ്യവസ്ഥകൾ മലങ്കരയുടെ സ്വാതന്ത്ര്യത്തെയും അബ്ദേദ് മിശിഹാ പാത്രിയർക്കീസ് നൽകിയ കാതോലിക്കേറ്റിനെയും തിരസ്കരിക്കുന്നതാണെന്നു വിശ്വസിക്കുന്നതിനാൽ തനിക്ക് അതിൽ ഒപ്പുവെയ്ക്കാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോയി. അദ്ദേഹത്തെ തടയാൻ സംഘാടകർക്കു സാധിച്ചില്ല. മറ്റു മെത്രാപ്പോലീത്തന്മാർ അതുപോലെ രക്ഷപ്പെട്ടു പോകാതിരിക്കാൻ പീസ്ലീഗ് വോളണ്ടിയർമാർ വാതിലുകൾ പൂട്ടി. സമ്മർദ്ദത്തിനു വഴങ്ങാതെ വന്നതോടെ ക്ഷുഭിതരായ യുവാക്കൾ സെമിനാരിയുടെ താഴത്തെ നിലയിൽ തൊണ്ടുകൾ കൂട്ടി കത്തിച്ചു. പുക സഹിക്കാനാവാതെയും ക്ഷുഭിതരായ യുവാക്കളെ ഭയന്നും ഒടുവിൽ രക്ഷപ്പെടുവാനായി പങ്കെടുത്ത മറ്റു മെത്രാപ്പോലീത്തന്മാർ എല്ലാവരും വ്യവസ്ഥകളിൽ ഒപ്പു വച്ചു.

പിന്നീട് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായായിത്തീർന്ന ജോസഫ് ശെമ്മാശനും പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ഡീക്കൻ റ്റി. ജി. സഖറിയായും ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നടന്ന സംഭവങ്ങൾക്ക് ദൃക്സാക്ഷികളാണ്.[5]

ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോന്ന മാർ തേവോദോസ്യോസിന്റെ നടപടി തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയതും, അത് നീക്കാൻ മെത്രാപ്പോലീത്താ തന്നെ നേരിട്ടു പോയി വിശദീകരണം നൽകിയതുമായ ഒരു സംഭവം ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് പറഞ്ഞിരിക്കുന്നത് കാണുക:

> "പരിപൂർണ്ണ സ്വതന്ത്രസഭാവാദിയായിരുന്നു മാർ തേവോദോസ്യോസ് തിരുമേനി. മറ്റ് ഓർത്തഡോക്സ് സഭകളുമായുള്ള സമ്പർക്കമാണു തിരുമേനിയെ ഇക്കാര്യത്തിൽ ഉറപ്പിച്ചത്. 'സ്വയംഭരണ നേതൃത്വമുള്ള സഭ' എന്നർത്ഥം വരുന്ന 'Autocephalus Church' അഭിവന്ദ്യ തിരുമേനിയാണ് ഇവിടെ ആദ്യം പ്രയോഗത്തിൽ കൊണ്ടുവന്നത്. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഭാരതത്തിലെ ദേശീയസഭ ആണെന്നും ഈ സഭയുടെ കാര്യങ്ങൾ ഈ സഭയ്ക്കുതന്നെ തീരുമാനിക്കാൻ സ്വാതന്ത്ര്യം ഉണ്ടെന്നും ഈ സഭ ഒരു വിദേശസഭയുടെയും വിധേയത്വത്തിലല്ലെന്നും അദ്ദേഹം പഠിപ്പിച്ചു. ആലുവാ വട്ടമേശസമ്മേളനം, ചിങ്ങവനം വട്ടമേശസമ്മേളനം എന്നീ സമാധാന സന്ധിയാലോചനകളിൽ അദ്ദേഹം നിസ്സഹകരണം കാണിച്ചത് ഈ മനോബോദ്ധ്യത്തോടുള്ള കൂറുകൊണ്ടു മാത്രമായിരുന്നു. ചിങ്ങവനം വട്ടമേശസമ്മേളനം നടന്നകാലത്ത് ഡോ. വിസർട്ട്



സഭാസമാധാനത്തിനുവേണ്ടി ഉപവാസം അനുഷ്ഠിക്കുന്നവർ:- 1. ദിവ്യശ്രീ കോടിയാട്ട് അലക്സാണ്ടർ കത്തനാർ ബി.ഏ. 2. മി. എം. കുര്യൻ ബി. എസ്. സി. 3. മി. ററി. എം. ചാക്കൊ (പ്രസിഡണ്ട്) 4. മി. കെ. ഈ. മാമ്മൻ ബി. ഏ. (ആക്ഷൻകമ്മിററികൺവീനർ). 5. മി. എം. സി. വർഗ്ഗീസ്. 6. ദിവ്യശ്രീ [illegible]മ്പാടികത്തിൽ ഗീവറുഗീസ് കത്തനാർ.



പീസ്ലീഗ് എക്സിക്യൂട്ടീവ് കമ്മററിയംഗങ്ങളും ഉപവാസകരും.

> ഹൂഫ്റ്റ് (അഖില ലോക സഭാ കൗൺസിലിന്റെ സ്ഥാപക സെക്രട്ടറി) കേരളം സന്ദർശിക്കുകയായിരുന്നു. സമ്മേളനത്തിൽ മാർ തേവോദോസ്യോസ് സ്വീകരിച്ച നിലപാട് അദ്ദേഹത്തിൽ തെറ്റിദ്ധാരണകളുണ്ടാക്കി. മാർ തേവോദോസ്യോസ് തിരുമേനി എന്നോടൊത്ത് എറണാകുളത്തു ചെന്ന് ഡോ. വിസ്സർട്ട് ഹൂഫ്റ്റിനെ സന്ദർശിച്ച് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണകൾ നീക്കി. ചിങ്ങവനം സമ്മേളനം എഴുതിയുണ്ടാക്കിയ സമാധാന വ്യവസ്ഥകളുടെ പഴുതുകളും പോരായ്മകളും മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ അതിന്റെ അപര്യാപ്തതയും മാർ തേവോദോസ്യോസ് ഡോ. വിസ്സർട്ട് ഹൂഫ്റ്റിനെ ബോദ്ധ്യപ്പെടുത്തി. അദ്ദേഹം തിരുമേനിയുടെ നിലപാടിനോടു യോജിപ്പു പ്രകടിപ്പിച്ചു."[6]

മാർ തേവോദോസ്യോസിന് അസ്വീകാര്യമായിത്തീർന്ന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്. സമാധാനത്തിനു വേണ്ടി ആയാലും അതിൽ അയവു കാട്ടാൻ അദ്ദേഹം വിസമ്മതിച്ചു: (1) കാതോലിക്കോസ് പാത്രിയർക്കീസിനു ശൽമൂസ നൽകണം. (2) പാത്രിയർക്കീസ് കൂദാശ ചെയ്ത മൂറോൻ മലങ്കരയിൽ ഉപയോഗിക്കണം. (3) കാതോലിക്കോസിന്റെ പേരിൽ ഏതെങ്കിലും പരാതി ഉണ്ടായാൽ അതു പാത്രിയർക്കീസിന്റെ മുമ്പിൽ മാത്രം സമർപ്പിക്കണം. പാത്രിയർക്കീസ് അതെപ്പറ്റി അന്വേഷിക്കുന്നു എങ്കിൽ അതു സുന്നഹദോസ് വഴി നടത്തണം. സുന്നഹദോസിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പാത്രിയർക്കീസ് തീർപ്പു കൽപിക്കണം. അത് അവസാന തീരുമാനം ആയി

രിക്കും. മറ്റ് ഏഴു വ്യവസ്ഥകളിൽ റിശീസ്സാ കൊടുക്കണമെന്നുള്ള വ്യവസ്ഥ ഒരു അധീശത്വം കൽപിക്കുന്ന തരത്തിലായിരിക്കരുതെന്നും തിരുമേനിക്കു നിർബന്ധമുണ്ടായിരുന്നു.

ഈ വ്യവസ്ഥകൾ തോക്കു ചൂണ്ടി സമ്മതിപ്പിച്ചതായതുകൊണ്ട് താൻ അതിനെ നിഷേധിക്കുമെന്നു പ. കാതോലിക്കാ ബാവാ തിരുമേനി പഴയസെമിനാരിയിൽ എത്തിയ ഉടനെ പ്രസ്താവിക്കുകയുണ്ടായി. പാത്രിയർക്കീസ് ബാവായും വ്യവസ്ഥകൾ അംഗീകരിച്ചില്ല. ഈ സാഹചര്യത്തിൽ മരണംവരെ ഉപവസിക്കുന്ന ഒരു പരിപാടിയിലേക്കു പീസ് ലീഗ് പ്രവേശിച്ചു. പ്രസിഡണ്ട് ടി. എം. ചാക്കോ, കെ. ഇ. മാമ്മൻ കണ്ടത്തിൽ, എം. കുര്യൻ, പന്തളം വറുഗീസ് (ഒരു ട്രാൻസ്പോർട്ട് ബസ് ഡ്രൈവർ), ഫാദർ അലക്സാണ്ടർ കോടിയാട്ട്, ഫാദർ ഗീവറുഗീസ് പാമ്പാടി കണ്ടത്തിൽ എന്നിവർ ഉപവാസയജ്ഞത്തിൽ പ്രവേശിച്ചു. ഉൽക്കണ്ഠാകുലമായ ദിവസങ്ങൾ കടന്നുപോയി. കാതോലിക്കാ പക്ഷത്തെ തിരുമേനിമാർ ഇവിടെ ഉള്ളവരായതിനാൽ അവർ നിലപാടിൽ മയപ്പെട്ടു. പക്ഷേ, പാത്രിയർക്കീസിന്റെ പക്കൽ നിന്നു ഡോ. പി. റ്റി. തോമസ് പാലാമ്പടത്തിന്റെ പ്രത്യേക ശ്രമത്തിൽ വരുത്തിയ കൽപന അത്യന്തം നിരാശാജനകമായിരുന്നു. ദൂരെ ഇരിക്കുന്ന പാത്രിയർക്കീസിനു പരിവർത്തനമുണ്ടാക്കാൻ ഉപവാസം ഒരു മാർഗ്ഗമല്ലെന്നുള്ള സീനിയർ സുഹൃത്തുക്കളുടെ ഉപദേശമനുസരിച്ച് ഉപവാസം അനുഷ്ഠിച്ചവർ അതിൽ നിന്നു പിന്മാറുകയാണു ചെയ്തത്. പീസ് ലീഗിന്റെ പുത്തനങ്ങാടി കുരിശുപള്ളിയിലെ ഉപവാസവേളയിൽ സമാധാന വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും മദ്ധ്യസ്ഥത വഹിക്കുന്നതിനും മറ്റും ഡോ. പി. റ്റി. തോമസിന്റെ നിർബന്ധപൂർവ്വമായ അഭ്യർത്ഥന അനുസരിച്ച് അന്ന് സി.എസ്.ഐ മദ്ധ്യകേരള മഹാ ഇടവകയുടെ ബിഷപ്പ് ഡോ. സി. കെ. ജേക്കബ് തിരുമേനി വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. ചരിത്രം സൃഷ്ടിച്ച ആ പ്രസ്ഥാനവും സഭാ സമാധാനം കൈവരുത്തിയില്ല.[7]

### സ്വയംഭരണ നേതൃത്വമുള്ള സഭ

മലങ്കര ഓർത്തഡോക്സ് സഭ 'സ്വയംഭരണ നേതൃത്വമുള്ള ഒരു സഭ'യായിരിക്കണമെന്ന് മാർ തേവോദോസ്യോസിന് നിർബന്ധമുണ്ടായിരുന്നു. ഭാരതത്തിലെ ദേശീയ സഭയാണ് ഓർത്തഡോക്സ് സഭ. അതിന് ഉൾഭരണ സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതിന്റെ അസ്തിത്വവും വ്യക്തിത്വവും ഒരു വിദേശസഭയ്ക്കും അടിയറ വയ്ക്കുവാനുള്ളതല്ല. നമ്മുടെ പാരമ്പര്യവും പട്ടത്വവും പരിരക്ഷിക്കണം. ഈ വിധത്തിലാണ് സഭയെക്കുറിച്ച് മെത്രാപ്പോലീത്താ പഠിപ്പിക്കാറുണ്ടായിരുന്നത്. സഭയുടെ വിശ്വാസം, പാരമ്പര്യം, സ്വാതന്ത്ര്യം ഇവ ചോദ്യം ചെയ്യപ്പെട്ടപ്പോഴൊക്കെ, അതിനെതിരായി ഉറച്ച നിലപാട് അദ്ദേഹം സ്വീകരിച്ചു. മെത്രാപ്പോലീത്തായായി അഭിഷിക്തനായതിനുശേഷം, നടന്ന അനുമോദന സമ്മേളനത്തിൽ (കർമ്മേൽ ദയറാ, മുളന്തുരുത്തി) ചെയ്ത മറുപടി പ്രസംഗത്തിൽ ഈ ആശയങ്ങളെല്ലാം പ്രതിഫലിക്കുന്നുണ്ട്. ഒരു ഭാഗം കാണുക:

> "പ്രൊട്ടസ്റ്റന്റ് സഭകൾ, അപ്പോസ്തോലികവും കാതോലികവുമായ വിശ്വാസാചാരങ്ങളെ ഒന്നിനു പുറകെ ഒന്നായി വിട്ടുകളയുമ്പോൾ കത്തോലിക്കാസഭ ഒന്നിനുമേൽ ഒന്നായി പുതിയ വിശ്വാസാചാരങ്ങളെ കൂട്ടിച്ചേർക്കുന്നു. പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേൽപിക്കപ്പെട്ടിട്ടുള്ള സത്യവിശ്വാസത്തേയും പാരമ്പര്യങ്ങളേയും അഭേദ്യമായി ആദിമ ക്രിസ്തീയ കാലം മുതൽ ഇന്നോളം പരിരക്ഷിച്ചു വരുന്നത് നാം ഉൾപ്പെടെയുള്ള പൗരസ്ത്യ സഭകളാണ്. ഈ ഒറ്റ സംഗതിയാണ് പാശ്ചാത്യ സഭകൾക്കും ഇതര പൗരസ്ത്യ സഭകൾക്കും നമ്മെപ്പറ്റിയുള്ള മതിപ്പിനും ബഹുമാനത്തിനും കാരണമായിത്തീർന്നിട്ടുള്ളത്. ഈ നിർമ്മലമായ വിശ്വാസാചാരങ്ങളെ പരിരക്ഷിച്ചും യഥാർത്ഥ ക്രിസ്തീയ ജീവിതം സഭയിൽ പുനരുജ്ജീവിപ്പിച്ചും സുവിശേഷപരമായ കാര്യങ്ങളിൽ സർവ്വപ്രധാനമായ ശ്രദ്ധ പതിപ്പിച്ചും അനിയന്ത്രിതമായ വിദേശബന്ധം മൂലം നമ്മുടെ സഭയ്ക്കുണ്ടായിട്ടുള്ള അടിമത്തത്തിൽ നിന്നും അതിനെ സമുദ്ധരിക്കുന്നതിനുള്ള തീവ്രയത്നം ചെയ്തും മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയ്ക്കു സ്ഥാപനകാലം മുതലുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ സംരക്ഷിച്ചും ഇന്ത്യാ ജാത്യൈക സഭയായി നാം പുരോഗമിക്കേണ്ടതാണ്. എതിർപക്ഷത്തു നിൽക്കുന്നവരായ നമ്മുടെ സഹോദരങ്ങളോടോ, ശീമക്കാരോടോ വ്യക്തിപരമായി യാതൊരു വിദ്വേഷവും നമുക്കില്ല. അവർ നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമാകുന്നു. ദുർവാശിയും ഹ്രസ്വദൃഷ്ടിയും അവരുടെ ദർശനശക്തിയെ നശിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനോടു നമുക്കു സഹതാപമോ, അനുഭാവമോ ഇല്ല. ശീമക്കാരോടു യഥാർത്ഥമായ താൽപര്യം എതിർപക്ഷത്തു നിൽക്കുന്നവരേക്കാൾ കൂടുതലായി നമുക്കുണ്ട്. എന്നാൽ അവരുടെ ദുർനയങ്ങളേയും, വിക്രിയകളേയും നാം അപലപിക്കുകയും മരണത്തോളം അവയ്ക്കെതിരായി നാം ശക്തിയുക്തം പോരാടുകയും വേണം."[8]

മറ്റൊരു ഘട്ടത്തിൽ, സഭാകാര്യങ്ങളെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

> "അപൂർവ്വം സഭകൾക്കു ലഭിച്ചിട്ടുള്ള ഒരു പദവിയാണ് ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്കു ലഭിച്ചിട്ടുള്ളത്. അതിന്റെ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹാ ഇവിടെത്തന്നെ രക്തസാക്ഷിയായിത്തീർന്നു എന്നുള്ളതാണ് ആ മഹോന്നതമായ പദവി. 1665 മുതലാണ് നമുക്ക് അന്ത്യോഖ്യാ സഭയുമായി ബന്ധം ഉണ്ടാകുന്നത്. അന്നു മുതൽ പാത്രിയർക്കീസന്മാർ അവരുടെ അധികാരം ഇവിടെ സ്ഥാപിച്ച് മലങ്കരസഭയുടെ ഭരണകർത്താക്കളാകുവാനാണ് ശ്രമിച്ചിട്ടുള്ളത്. ഈ കൈയേറ്റത്തെ ധീരമായി എതിർത്തു സഭയുടെ ഭരണസ്വാതന്ത്ര്യം സംരക്ഷിച്ചതു വട്ടശ്ശേരിൽ തിരുമേനിയാണ്. തിരുമേനി സഭയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി സ്വജീവൻപോലും കരുതാതെ പോരാടി. 1912-ൽ കാനോനിക പൗരസ്ത്യ കാതോലിക്കേറ്റ് ഇന്ത്യയിലെ സുന്നഹദോസിന്റെ സഹകരണത്തോടുകൂടി അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ പുനഃ



സ്ഥാപിച്ചു. അതോടെ സഭ സ്വയംപര്യാപ്തതയിൽ എത്തി. ഇനിയും സഭയ്ക്കു യാതൊരു ശങ്കയ്ക്കും വകയില്ല. ഒരു പ്രലോഭനത്തിനും കീഴടങ്ങേണ്ട കാര്യവുമില്ല. സഭയ്ക്കു പൂർണ്ണ ഭരണസ്വാതന്ത്ര്യവും സ്വയംപര്യാപ്തതയുമുണ്ട്. സഭാഭരണത്തിനു ബാർ എബ്രായയുടെ ഹൂദായ കാനോൻ കൂടാതെ, മലങ്കര അസ്സോസിയേഷൻ പാസ്സാക്കിയതും, സിനഡ് അംഗീകരിച്ചതുമായ ഭരണഘടനയുണ്ട്. അതനുസരിച്ച് സഭാകാര്യങ്ങൾ നടത്തിക്കൊണ്ടു പോയാൽ മതി. പൂർണ്ണ സ്വാതന്ത്ര്യത്തിൽ അടിയുറച്ച ഭരണഭീതി, നമുക്കു മാത്രമല്ല, പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്കെല്ലാം ഉള്ളതാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭകളെല്ലാം ഓരോ രാജ്യത്ത് അതാതു സഭയുടെ മേലദ്ധ്യക്ഷന്റെ കീഴിൽ പൂർണ്ണ ഭരണസ്വാതന്ത്ര്യത്തിലും സ്വയംപര്യാപ്തതയിലും കഴിഞ്ഞുകൂടുന്ന തനി ദേശീയ സഭകളാണ്. പാത്രിയർക്കീസ് ബാവായോട് നമുക്ക് സ്നേഹവും ബഹുമാനവുമാണുള്ളത്. അത് ഓർത്തിരിക്കണം. സ്നേഹബഹുമാനങ്ങൾക്ക് കുറവു വരാൻ പാടില്ല. അതു പാലിക്കണം. എന്നാൽ ഇവിടുത്തെ ഭരണത്തിൽ പ്രവേശിപ്പാൻ അദ്ദേഹത്തിനു യാതൊരു അധികാരവുമില്ല. ബന്ധം എല്ലാം കാനോനും ഭരണഘടനയ്ക്കും വിധേയമാണ്. കേസ് നടന്നുകൊണ്ടിരിക്കുകയാണല്ലോ. കേസ് അവർക്ക് അനുകൂലമായി വരുന്നെങ്കിൽ വരട്ടെ. അതിൽ ഒട്ടും ക്ലേശിക്കാനില്ല. ജഡ്ജുമെന്റ് അനുസരിച്ചു പ്രവർത്തിക്കണം. വസ്തുവകകൾ വിട്ടുകൊടുക്കണമെങ്കിൽ അങ്ങനെ ചെയ്യണം. സന്തോഷത്തോടെ വിട്ടുകൊടുക്കണം. നമുക്കു സ്വസ്ഥമായി നമ്മുടെ കാര്യം നോക്കാമല്ലോ. മാടത്തിൽ കിടന്നാലും മതി, സ്വാതന്ത്ര്യത്തിന്റെ ശ്വാസം വലിക്കാമല്ലോ. മുടക്കും ഭയപ്പെടുത്തലും എത്രനാൾ സഹിക്കും? അഭിമാനമായി ജീവിക്കണം. സനാതനമായ വിശ്വാസത്തിലും ക്രിസ്തീയ ആദർശത്തിലും അടിയുറച്ചു നിൽക്കുന്ന സഭ ഒരിക്കലും ക്ഷീണിച്ചു പോകയില്ല. മുന്നേറുക തന്നെ ചെയ്യും."[9]

മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ മറ്റെന്തിനേക്കാളുപരിയായി മാനിച്ചിരുന്ന മഹിതാശയനായിരുന്നു മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ. ജനനിയോടും ജന്മഭൂമിയോടും ജന്മസഭയോടും പ്രതിബദ്ധതയുള്ള മഹാന്മാരുടെ നിരയിലാണ് മെത്രാപ്പോലീത്തായുടെ സ്ഥാനം.[10]

1. മലങ്കരസഭാപിതാക്കന്മാർ വാല്യം രണ്ട്, ഡോ. സാമുവൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 2012, പേജ് 482.
2. രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ, എഡിറ്റർ: കെ. വി. മാമ്മൻ, കോട്ടയം, 1992, പേജ് 81–84.
3. നന്മയുടെ നീർച്ചാലുകൾ, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, സോഫിയാ ബുക്സ്, കോട്ടയം, 2014, പേജ് 31–32, 41.
4. രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ, എഡിറ്റർ: കെ. വി. മാമ്മൻ, കോട്ടയം, 1992, പേജ് 81–84.
5. സണ്ടേസ്കൂൾ പാഠപുസ്തകത്തിൽ 'അലക്സിയോസ് മാർ തേവോദോസ്യോസ് ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തില്ല' എന്ന് തെറ്റായി കൊടുത്തിരിക്കുന്ന കാര്യം ഈ ലേഖകൻ ചൂണ്ടിക്കാട്ടിയപ്പോൾ, അന്ന് സണ്ടേസ്കൂൾ പബ്ലിക്കേഷൻ ഓഫീസർ ആയിരുന്ന ഫാ. റ്റി. ജി. സഖറിയാ, താനും പക്കോമിയോസ് തിരുമേനിയും അതിന് ദൃക്സാക്ഷികളാണ് എന്ന് മറുപടി പറയുകയുണ്ടായി.
6. മലങ്കരസഭാപിതാക്കന്മാർ വാല്യം രണ്ട്, ഡോ. സാമുവൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 2012, പേജ് 942.
7. രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ, എഡിറ്റർ: കെ. വി. മാമ്മൻ, കോട്ടയം, 1992, പേജ് 81–84.
8. മലങ്കരസഭാപിതാക്കന്മാർ വാല്യം രണ്ട്, ഡോ. സാമുവൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 2012, പേജ് 500.
9. മലങ്കരസഭാപിതാക്കന്മാർ വാല്യം രണ്ട്, ഡോ. സാമുവൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 2012, പേജ് 500–501.
10. മലങ്കരസഭാപിതാക്കന്മാർ വാല്യം രണ്ട്, ഡോ. സാമുവൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 2012, പേജ് 482.